LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: ഏതെങ്കിലും സ്വകാര്യ കമ്പനിക്ക് കൊടുത്തിട്ടുണ്ടോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ടെക്നോപാർക്കിന്റേയും ഇൻഫോ പാർക്കിന്റേയും മറ്റും വളർച്ചയുടെയടിസ്ഥാനത്തിൽ ഒട്ടെറെ സ്വകാര്യ കമ്പനികൾ എല്ലാ സ്ഥലത്തും സ്ഥാപനങ്ങൾ തുടങ്ങുന്നതിനുവേണ്ടിയുള്ള താൽപ്പര്യവുമായി ഗവൺമെന്റിനെ സമീപിക്കുന്നുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: മൂന്ന് സ്വകാര്യ കമ്പനികൾക്ക് ഇൻഫോ പാർക്കിന്റെ 22 ഏക്കർ സ്ഥലം സ്മാർട്ട് സിറ്റിക്കായി കഴിഞ്ഞ ഗവൺമെന്റ് ഉണ്ടാക്കിയ കരാറിനേക്കാൾ വില കുറച്ച് കൊടുത്തു എന്ന് ഞാൻ പറഞ്ഞാൽ നിഷേധിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: നിഷേധിക്കുന്നു

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഐ.ടി മേഖലയിൽ ഒരാൾക്കുപോലും തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് വന്നശേഷം ഐ.ടി മേഖലയ്ക്ക് വലിയ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഐ.ടി മേഖലയിൽ എത്ര പാർക്കുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. ഈ മേഖലയിൽ എത്ര പേർക്കാണ് തൊഴിൽ കൊടുക്കാൻ സാധിക്കുന്നത്; ഇതിനകം എത്രപേർക്ക് തൊഴിൽ കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, മുൻപ് രണ്ട് പാർക്കുകളാണ് ഉണ്ടായിരുന്നത്. അതിപ്പോൾ 10 ആയി ഉയർന്നിട്ടുണ്ട്. രണ്ടുലക്ഷത്തിലധികം ആളുകൾ വിവിധ സ്ഥാപനങ്ങളിലായി പണിയെടുത്തുകൊണ്ടിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങ് കരാർ ഒപ്പിട്ടു. സന്തോഷമുണ്ട്. പക്ഷേ അവിടെ ഒരു പണിയും ആരംഭിച്ചിട്ടില്ല. വെള്ളം, റോഡ്, വൈദ്യുതി ഇതിനൊക്കെയുള്ള സംവിധാനങ്ങൾ എന്നത്തേയ്ക്ക് ഒരുക്കാൻ കഴിയും; അതിന്റെ പണി എന്നത്തേയ്ക്ക് ആരംഭിച്ച് തൊഴിൽ കൊടുക്കാൻ പറ്റുമെന്ന് അങ്ങേക്ക് പറയാൻ കഴിയുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, രണ്ടാഴ്ചയ്ക്കം തൊഴിൽ കൊടുക്കുക എന്നുള്ളതല്ല. അവിടെ കെട്ടിടം പണി ആരംഭിച്ച് ഏകദേശം പണിയാകുമ്പോഴാണ് പണി ചെയ്യുന്ന ആളുകളെ ആകർഷിക്കാൻ കഴിയുന്നത്. അതനുസരിച്ച് അവിടെ തൊഴിലും ലഭിക്കുന്നതാണ്.

അന്തർദ്ദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം

3 (*153) ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. വി. ശശികുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദ്ദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം കാര്യക്ഷമമായി നടത്തുന്നതിന് യുവജനക്ഷേമ ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ:

(ബി) പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിൽ നിന്ന് എത്ര യുവാക്കൾ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്;

(സി) പഠന യാത്രകൾക്ക് യുവാക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമവും വ്യക്തമാക്കുമോ;

(ഡി) മറ്റു രാജ്യങ്ങളിൽ നിന്നുള്ള എത്ര യുവാക്കൾ പദ്ധതിയുടെ ഭാഗമായി കേരളം സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള): സർ,

(എ) യുവജനങ്ങൾക്ക് വിദേശരാജ്യങ്ങളിലെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കാനുള്ള അവസരം ഒരുക്കുക. വിദേശ ഭാഷാ പഠനം. വിദ്യാഭ്യാസ രീതിയെക്കുറിച്ച് പരസ്പരം അറിവ് നേടൽ. എന്നിവയ്ക്കൊപ്പം സാംസ്കാരിക പൈതൃകവും പാരമ്പര്യവും മറ്റു രാജ്യങ്ങളിലെത്തിക്കുകയും കേരളത്തിന്റെ തനത് കലാരൂപങ്ങൾ അവർക്ക് മനസ്സിലാക്കി കൊടുക്കുക എന്ന ഉദ്ദേശത്തോടും ലക്ഷ്യത്തോടുംകൂടി തെരഞ്ഞെടുക്കപ്പെട്ട യുവതിയുവാക്കളെ മറ്റു രാജ്യങ്ങളിലേക്ക് സന്ദർശനത്തിനായി അയച്ചിരുന്നു.

(ബി) അന്തർദ്ദേശീയ യൂത്ത് എക്സചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിൽനിന്നും ഇതുവരെ 43 യുവതിയുവാക്കൾ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

(സി) ഭാരത സർക്കാർ സംഘടിപ്പിച്ചുവരുന്ന ദേശീയ യുവോത്സവത്തിൽ കേരളത്തിൽനിന്നും പങ്കെടുത്തവർ, കേരളോത്സവ വിജയികൾ. വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ച് പ്രാഗത്ഭ്യം തെളിയിച്ചവർ. സർവ്വകലാശാല യുവജനോത്സവ പരിപാടികളിലെ വിജയികൾ തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഇതിനായി യുവാക്കളെ തെരഞ്ഞെടുക്കുന്നത്.

(ഡി) ഈ പദ്ധതിയുടെ ഭാഗമായി ജർമ്മനിയിൽനിന്നുമുള്ള 15 യുവാക്കൾ കേരളം സന്ദർശിച്ചിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അന്തർദ്ദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം പ്രകാരം ജർമ്മനിയിൽ നിന്നും 15 പേർ കേരളത്തിലേക്ക് വന്നു എന്നാണ് അങ്ങയുടെ മറുപടിയിൽ പറയുന്നത്. നമ്മുടെ കല, സംസ്കാരം, ആയോധന കലകൾ ഇവയെല്ലാം വിദേശ ചെറുപ്പക്കാരെ പഠിപ്പിക്കുന്നതിനും അവർക്ക് താൽപ്പര്യം ഉണ്ടാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിദേശ സർവ്വകലാശാലകൾ, അതുപോലുള്ള കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രചാരണം നൽകുന്നുണ്ടോ; ഇതിനുവേണ്ടി എന്തെങ്കിലും ഫണ്ട് മാറ്റി വച്ചിട്ടുണ്ടോ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിനുവേണ്ടി ഇക്കൊല്ലം പ്ലാൻ ഫണ്ടിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 15 ആളുകൾ ജർമ്മനിയിൽനിന്നും കേരളം സന്ദർശിച്ച

LIBRARY ARCHIVES Kerala Legislative Assembly

വേളയിൽ അവർ കേരളീയ കലകൾ കാണുകയും അതിന്റെ ഡീറ്റെയിൽസ് ആവശ്യപ്പെടുകയും അത് നൽകുകയും ചെയ്തിട്ടുണ്ട്. നമ്മുടെ പാരമ്പര്യ കലകളെയും ആയോധന കലകളെയുംക്കുറിച്ച് പഠിക്കാനുള്ള താൽപ്പര്യം അവർ പ്രകടിപ്പിച്ചിട്ടുണ്ട്. അതിനുള്ള അവസരങ്ങൾ ചെയ്തുകൊടുക്കും.

ശ്രീ. കെ. വി അബ്ദുൾ ഖാദർ: യുവജനക്ഷേമ ബോർഡിന്റെ യൂത്ത് ഹോസ്റ്റലുകൾ ഇപ്പോൾ എത്ര ജില്ലകളിലാണ് സ്ഥാപിച്ചിട്ടുള്ളത്; ഇനി എത്ര ജില്ലകളിലാണ് സ്ഥാപിക്കാനുള്ളത്. അതിന് പദ്ധതി തയ്യാറക്കിയിട്ടുണ്ടോ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഉള്ള ഹോസ്റ്റലുകൾ വളരെ ചുരുക്കമാണ്. ഇപ്പോൾ മലപ്പുറം ജില്ലയിൽ ഒരെണ്ണം സ്ഥാപിക്കാൻ പോകുന്നു. നഗര യുവകേന്ദ്രയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടുമുള്ള യൂത്ത് ഹോസ്റ്റലുകളുടെ നടത്തിപ്പ് യൂത്ത് വെൽഫയർ ബോർഡിനാണ്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിനു വേണ്ടി മാറ്റിവച്ച തുക വളരെ അപര്യാപ്തമാണെന്ന് നമുക്കറിയാം. ഈ ലോകത്തിലെ ഏതെല്ലാം രാജ്യങ്ങൾ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിൽ സഹകരിക്കുന്നു എന്ന് അറിയാൻ താൽപ്പര്യമുണ്ട്. അതോടൊപ്പം തന്നെ പല എൻ.ജി.ഒ.-കളും മറ്റ് രാജ്യങ്ങളിലെ സംഘടനകളുമായി സഹകരിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും യൂത്തിനേയും അല്ലാത്തവരേയും അയയ്ക്കുന്നുണ്ട്. പലപ്പോഴും നമ്മുടെ രാജ്യ താൽപ്പര്യത്തിന് നിരക്കാത്ത ആശയവിനിമയം ഉൾപ്പെടെ ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ടോ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, പതിനഞ്ചു ലക്ഷം രൂപ ഈ കഴിഞ്ഞ കൊല്ലമാണ് ചെലവഴിക്കാൻ വേണ്ടി മാറ്റിവച്ചത്. 32 ആളുകളാണ് ഈ പരിപാടിയിൽ പങ്കെടുക്കാൻവേണ്ടി സൗത്ത് ആഫ്രിക്കയിലേക്ക് പോയത്. അവരുടെ വിസയുടെ ഡീറ്റെയിൽസും യാത്രാ രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് ചെലവായ തുകയുടെ പകുതി തുകയെങ്കിലും കൊടുക്കാൻ യൂത്ത് വെൽഫെയർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ ആളുകളെ ഈ പരിപാടിയിലേക്ക് ആകർഷിക്കാൻ വേണ്ടി പരിശ്രമിക്കുന്നു. 171 രാജ്യങ്ങളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സൗത്ത് ആഫ്രിക്കയിൽ ഇപ്രാവശ്യം കേരളത്തിലെ വേൾഡ് യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം നടപ്പിലാക്കുന്നത്.

ശ്രീ. വി. ശശികുമാർ: സർ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിന് പുറമെ മറ്റെന്തെല്ലാം പദ്ധതികളാണ് സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, യൂത്ത് വെൽഫെയർ ബോർഡ് ഒരുപാട് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. യുവജനങ്ങളുടെ ഇടയിൽ ദേശീയോദ്ഗ്രഥന പ്രവർത്തനങ്ങൾ കൂടുതൽ സംഘടിപ്പിക്കുവാനും ഡിസാസ്റ്റർ മാനേജുമെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അവരെ പങ്കാളികളാക്കാനും അവർക്ക് ജോലി ലഭിക്കുന്നതിനുവേണ്ടി ജാലകം എന്ന പ്രോഗ്രാം തന്നെ യൂത്ത് വെൽഫെയർ ബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. ആ ജാലകത്തിന്റെ നേതൃത്വത്തിൽ ഒരു വെബ്സൈറ്റ് തന്നെ ഇപ്പോൾ ഓപ്പൺ ചെയ്തിട്ടുണ്ട്. WWW.jalakam.in. ഈ വെബ്സൈറ്റ് ഓൺചെയ്താൽ കേരളത്തിലല്ല, ഇൻഡ്യാ രാജ്യത്ത് എവിടെയായാലും യൂത്ത് വെൽഫെയർ ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങളും ബോദ്ധ്യമാകും. യൂത്ത് വെൽഫെയർ ബോർഡ് ഇന്ന് നടത്തിക്കൊണ്ടിരിക്കുന്ന ജോബ്സ് ഓറിയന്റഡ് പ്രോഗ്രാംസിന്റെ എല്ലാ പ്രവർത്തനങ്ങളും നേരിട്ട് ബോദ്ധ്യപ്പെടാനും അതിൽ പ്രവേശിച്ച് വേണ്ടുന്ന പ്രവർത്തനങ്ങൾ നടത്താനും കഴിയും.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ ജനസംഖ്യയുടെ മുപ്പത്തിയഞ്ചു ശതമാനത്തോളം വരുന്ന യുവജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി നിലവിലുള്ള യുവജനക്ഷേമ ബോർഡിനും യുവജനക്ഷേമ വകുപ്പിനും യൂത്ത് വെൽഫെയർ ബോർഡിനും ക്രിയാത്മകമായ പരിപാടികൾ ഇതുവരെ ആവിഷ്ക്കരിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങുതന്നെ ഈ സഭയിൽ പറഞ്ഞു യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം ആകെ പോയത് ഒരു രാജ്യത്ത് മാത്രമാണ്. അതിനുപോയ ആളുകളുടെ എണ്ണവും ഇവിടെ ചൂണ്ടിക്കാണിച്ചു. ഇത് വിപുലീകരിക്കേണ്ടത് വർത്തമാന കാലത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. അതുകൊണ്ട് കുറേക്കൂടി മാതൃകാപരമായ പരിപാടികൾ ആവിഷ്കരിക്കുന്നതിന് യുവജനക്ഷേമ വകുപ്പും യൂത്ത് വെൽഫെയർ ബോർഡും തമ്മിൽ ഒരു ധാരണയുണ്ടാക്കി കൂടുതൽ ബഡ്ജറ്റ് വിഹിതം ഇത്തവണ തന്നെ ആവശ്യപ്പെട്ട് പുതിയ പരിപാടികൾ ആവിഷ്കരിക്കാൻ യുവജന വകുപ്പ് മുൻകൈയെടുക്കുമോ?

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, ദേശീയമായി പ്രവർത്തിക്കുന്ന യുവജന സംഘടനകളിൽ ഉൾപ്പെട്ട നാഷണൽ പ്രിപ്പറേറ്ററി കമ്മിറ്റിയിൽ തീരുമാനിക്കുന്ന ആളുകളെയാണ് ഇതിന് അയയ്ക്കുന്നത്. അങ്ങനെയുള്ള ആളുകൾക്ക് മാത്രമേ ഇതിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. മുപ്പത്തിരണ്ട് ആളുകൾ പോയിരിക്കുന്നു. അതിൽ കൂടുതൽ അപേക്ഷകൾ വന്നിരുന്നുവെങ്കിൽ കൂടുതൽ ആളുകളെ അയയ്ക്കുമായിരുന്നു. ഇവിടെ ഇപ്പോൾ പറഞ്ഞു, പഞ്ചായത്ത് തലത്തിൽ യുവാക്കളും യുവതികളും എല്ലാം കൂടി 50 പേരെ, ഏത് പഞ്ചായത്താണാ ഭരിക്കുന്നത് ആ പഞ്ചായത്ത് കമ്മിറ്റി റിക്രൂട്ട് ചെയ്യണം.

ശ്രീ. എം. കെ. പ്രേംനാഥ്: സർ, ചെറുപ്പക്കാരുടെ വളരെ പ്രധാനപ്പെട്ട ആയോധന കലയാണ് കളരിപ്പയറ്റ്. കേരളത്തിലെ കളരിപ്പയറ്റ് മറ്റ് രാജ്യങ്ങളിലെ കളരിപ്പയറ്റുമായി ബന്ധപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, കളരിപ്പയറ്റിന് വലിയ പ്രാധാന്യം കൊടുത്തുകൊണ്ടാണ് നമ്മുടെ സംസ്ഥാനവും യൂത്ത് വെൽഫെയർ ബോർഡും ചില പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. ധാരാളം ആളുകൾ അതിനെക്കുറിച്ചുള്ള വിവരം അന്വേഷിക്കുന്നുണ്ട്. അന്വേഷിക്കുന്ന ആളുകൾക്കും ആ സംഘടനകൾക്കും കിട്ടാവുന്ന പരമാവധി വിവരങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്.

ധനവിനിയോഗത്തിൽ വന്ന പുരോഗതി

4(*154) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കെ. പി. പത്മനാഭൻ:
ശ്രീ. സി. കെ. സദാശിവൻ:
പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനവിനിയോഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള ക്രമാനുഗതമായ പുരോഗതി വ്യക്തമാക്കുമോ;

(ബി) കാർഷിക മേഖലയ്ക്കായി ഈ സർക്കാർ വരുമ്പോൾ എത്ര കോടി രൂപയുടെ അടങ്കലാണ് അനുവദിച്ചിരുന്നത്;

(സി) ഈ സർക്കാർ കാർഷിക മേഖലയുടെ വികസനത്തിനായി എത്ര കോടി രൂപയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) വികസന പദ്ധതികൾക്ക് തുക അനുവദിക്കുന്ന കാര്യത്തിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള സമീപനം വ്യക്തമാക്കുമോ;

(ഇ) സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി അനുവദിക്കുന്ന തുകയിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) യാഥാസ്ഥിതിക ധനനയങ്ങൾക്കു പകരം സംസ്ഥാനത്തിന്റെ ക്ഷേമ വികസന ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ധനവിനിയോഗ നയമാണ് സ്വീകരിച്ചത്. ഇതിന്റെ ഫലമായി 2001-2006 കലയളവിൽ സർക്കാർ ചെലവ് 53 ശതമാനം മാത്രം വർദ്ധിച്ചപ്പോൾ, ഈ സർക്കാരിന്റെ കാലത്ത് 100 ശതമാനത്തിലേറെ വർദ്ധിച്ചു. അതായത്, 2005-2006-ലെ 19,528 കോടി രൂപയിൽ നിന്ന് 2010-11-ൽ (പുതുക്കിയ കണക്കുപ്രകാരം) 39,790 കോടി രൂപയായി സർക്കാർ ചെലവ് ഉയർന്നു. മൂലധനച്ചെലവിന്റെ കാര്യത്തിലും ഇക്കാലത്ത് ഗുണപരമായ മാറ്റമുണ്ടായി. സർക്കാരിന്റെ മൊത്തം ചെലവിൽ 5.65 ശതമാനമായിരുന്ന മൂലധനച്ചെലവ് 12. 51 ശതമാനമായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 6.6 ശതമാനത്തിൽ നിന്ന് 8.5 ശതമാനമായി വികസനച്ചെലവ് 53 ശതമാനത്തിൽ നിന്ന് 55 ശതമാനമായി ഉയർന്നു.

(ബി) 2005-06 സാമ്പത്തിക വർഷത്തിൽ കൃഷിക്കും അനുബന്ധ മേഖലകൾക്കുമായി 224.90 കോടി രൂപയുടെ പദ്ധതി അടങ്കലാണ് അംഗീകരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly